# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 770 — 07.02.2013-ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക് നിയമാനുസൃത പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ് ; | (എ) സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾ പ്രവർത്തിക്കാൻ അംഗീകൃത യോഗ്യതയുള്ള ലബോറട്ടറി ടെക്നീഷ്യൻമാരും, അടിസ്ഥാന സൗകര്യങ്ങളും, ആശുപത്രി മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിയും ആവശ്യമാണ്. |
| (ബി) സ്വകാര്യ ലബോറട്ടറികൾക്ക് പ്രവർത്തിക്കാൻ ലൈസൻസ് കൊടുക്കുന്നത് ആരാണ് ; | (ബി) ഇപ്പോൾ സ്വകാര്യ ലബോറട്ടറികൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (സി) ഒരേ ടെസ്റ്റ്, വിവിധ സ്വകാര്യ ലാബുകളിൽ നടത്തുമ്പോൾ റിപ്പോർട്ടുകളിൽ വൈരുദ്ധ്യം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) സ്വകാര്യ ലാബുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾഎന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി വരികയാണ്. താമസം വിനാ ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. ഈ ബിൽ നിലവിൽ വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ